പ്രസിദ്ധീകരണത്തിന്

## ബി.എസ്.എൻ.എൽ. ജീവനക്കാരുടെ കൺവെൻഷൻ

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പി & ടി ഹൗസിൽ ബി.എസ്.എൻ.എൽ. ജീവനക്കാരുടെ കൺവെൻഷൻ നടന്നു.

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ: പി.അഭിമന്യു കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. നരേന്ദ്രമോദി സർക്കാർ തുടരുന്ന പൊതുമേഖലാ വിരുദ്ധ നിലപാടാണ് ബി.എസ്.എൻ.എൽ.ന്റെ തകർച്ചക്ക് ആക്കം കൂട്ടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ബി.എസ്.എൻ.എൽ. ജീവനക്കാർക്കും ഓഫീസർമാർക്കും നഷ്ടത്തിന്റെ പേരുപറഞ്ഞ് ശമ്പളപരിഷ്കരണം നിഷേധിക്കുന്നതിനെതിരെ ഐക്യം വിപുലമാക്കി പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുമെന്ന് സൂചിപ്പിച്ചു. മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകൾ സംയിക്തമായി ഡൽഹിയിൽ നടത്തുന്ന പ്രക്ഷോഭം വിജയകരമാക്കണം. കൺവെൻഷനിൽ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി.ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കെ.മോഹനൻ സ്വാഗതം ആശംസിച്ചു. എസ്.എൻ.ഇ.എ. സംസ്ഥാന സെക്രട്ടറി ടി.സന്തോഷ് കുമാർ, എ.ഐ.ജി.ഇ.ടി.ഒ.എ. സംസ്ഥാന സെക്രട്ടറി എസ്.സഹീർ, ബി.എസ്.എൻ.എൽ.ഇ.യു. അഖിലേന്ത്യാ അസി: ജനറൽ സെക്രട്ടറി എസ്.പ്രതാപ് കുമാർ, എ.ഐ.ബി.ഡി.പി.എ. ജില്ലാ സെക്രട്ടറി എൻ.വിക്രമൻ നായർ, സി.സി.എൽ.യു. ജില്ലാ സെക്രട്ടറി സി.വാമദേവൻ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി കെ.എൻ.ജ്യോതിലക്ഷ്മി നന്ദി പറഞ്ഞു. കോൺഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.വി.രാജേന്ദ്രൻ, എൻ.എഫ്.പി.ഇ. സംസ്ഥാന കൺവീനർ പി.കെ.മുരളീധരൻ, എ.ഐ.ബി.ഡി.പി.എ. സംസ്ഥാന വൈസ് പ്രസിഡന്റ് ആർ. മുരളീധരൻ നായർ എന്നിവർ സംബന്ധിച്ചു.

കെ. മോഹനൻ,
സംസ്ഥാന സെക്രട്ടറി,
ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയൻ.

12-09-2017